പതിനാലാം കേരള നിയമസഭ

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.**1444** — 31.10.2019 -ൽ മറുപടിയ്ക്ക്

**സ്മാർട്ട് വില്ലേജാഫീസുകൾ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.സി. ദിവാകരൻ : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജാഫീസുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്താകെ 146 വില്ലേജാഫീസുകൾ സ്മാർട്ട് വില്ലേജാഫീസുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ കരിപ്പൂര് വില്ലേജ് ഓഫീസ് സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കുന്നതിനുള്ള നിർമ്മാണം നിർത്തിവച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;<br><br>(സി) പ്രസ്തുത വില്ലേജ് ഓഫീസ് നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) യും (സി) യും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2018-19 സ്മാർട്ട് റവന്യൂ പദ്ധതി പ്രകാരം കരിപ്പൂര് വില്ലേജ് ഉൾപ്പെടെ 50 വില്ലേജുകളാണ് സ്മാർട്ട് വില്ലേജാഫീസുകൾ നിർമ്മിക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളത്. 2018-19 പ്ലാൻ സ്കീമിൽ 31/03/19-ന് ചെലവഴിക്കാൻ കഴിയാതിരുന്ന സ്മാർട്ട് വില്ലേജ്, വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം, റവന്യൂ ഓഫീസുകളുടെ നവീകരണം എന്നീ നിർമ്മാണ പ്രവൃത്തികൾക്കുള്ള തുക ഇലക്ട്രോണിക് ലഡ്ജർ അക്കൗണ്ടിലേയ്ക്ക് മാറ്റാൻ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ടി തുക ടി അക്കൗണ്ടിൽ നിക്ഷേപിക്കുകയുണ്ടായില്ല. ആയതിനാൽ ടി തുക 2019-20 ലെ പ്ലാൻ ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**